പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1260. 21/03/2013 -ൽ മറുപടിക്ക്

## രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിൽ ആധുനികവത്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിൽ പൂർണ്ണമായും കമ്പ്യൂട്ടറൈസ് ചെയ്തിരിക്കുന്ന സേവനങ്ങൾ ഏതെല്ലാം; ആധാരങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടറൈസ് ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇപ്രകാരം പൂർണ്ണമായും കമ്പ്യൂട്ടറൈസ് ചെയ്യപ്പെട്ടാൽ തൊഴിൽ നഷ്ടപ്പെടുന്ന ആധാരം എഴുത്തുകാരെ എപ്രകാരം പുനരധിവസിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ? | എ) രജിസ്ട്രേഷൻ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സബ് രജിസ്ട്രാർ ഓഫീസുകളിൽനിന്ന് നൽകിവരുന്ന സേവനങ്ങൾ ഒന്നുംതന്നെ പൂർണ്ണമായി കമ്പ്യൂട്ടർവത്ക്കരിക്കപ്പെട്ടില്ല. ബാധ്യതാ സർട്ടിഫിക്കറ്റ് അപേക്ഷാവിവരങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കുന്ന സാഹചര്യത്തിൽ, ആധാരമെഴുത്തുകാരെ കൂടി പദ്ധതിയുടെ ഭാഗമാക്കിക്കൊണ്ടുള്ള പദ്ധതി നിർവ്വഹണമാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ഇതിനായി ആധാരമെഴുത്തുകാരെ സാങ്കേതികമായി യോഗ്യരാക്കുന്നതടക്കമുള്ള നടപടികൾ വകുപ്പിന്റെ പരിഗണനയിലാണ്. |
| ബി) സബ് രജിസ്ട്രാർ ഓഫീസുകളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന വ്യക്തമാക്കാമോ; | ബി) രജിസ്ട്രേഷൻ വകുപ്പിൽ എൻട്രി കേഡറിൽ ജീവനക്കാരെ നിയമിക്കുന്നത് പി.എസ്.സി. മുഖേനയാണ്. മറ്റ് മാനദണ്ഡമൊന്നുമില്ല. |
| സി) സബ് രജിസ്ട്രാർ ഓഫീസുകളിൽ പലയിടങ്ങളിലും ജനങ്ങൾക്ക് വെയിലും മഴയുമേൽക്കാതെ ഇരിക്കാനുള്ള സൗകര്യങ്ങളില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.